# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2167

01.02.2018 — ൽ മറുപടിക്ക്

## റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ

**ചോദ്യം**

**ശ്രീ.റോജി എം. ജോൺ**
**,, എ.പി. അനിൽ കുമാർ**
**,, അടൂർ പ്രകാശ്**
**,, അനിൽ അക്കര :**

**ഉത്തരം**

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)**

(എ) റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്നും ഏതൊക്കെ താലൂക്കുകളിലാണ് ഈ പദ്ധതി പ്രാവർത്തികമാക്കിയതെന്നും വിശദമാക്കാമോ;

(എ) നിലവിൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. 2018 മാർച്ച് 31-ന് മുമ്പ് തന്നെ എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) 2017 ജൂണിൽ ഈ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വ്യാപാരികൾക്ക് വേതന പാക്കേജ് നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുവാൻ ഉണ്ടായ കാലതാമസത്തിന്റെ കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇ-പോസ് മെഷീൻ വാങ്ങുന്നത് സംബന്ധിച്ച നടപടിക്രമങ്ങളിൽ ചില സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടായതിനാലും ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പിലാക്കേണ്ടതിനാലും പ്രതീക്ഷിച്ചതുപോലെ 2017 ജൂൺ മാസം റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കാൻ കഴിഞ്ഞില്ല.

(സി) റേഷൻ വ്യാപാരികൾക്ക് നൽകുമെന്ന് പ്രഖ്യാപിച്ച വേതന പാക്കേജ് അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇ-പോസ് മെഷീൻ സംസ്ഥാനത്തെ എല്ലാ കടകളിലും സ്ഥാപിക്കുന്ന മുറയ്ക്ക് പുതിയ കമ്മീഷൻ പാക്കേജ് പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ നടപടികൾ പുരോഗമിച്ചു വരുന്നു.

(ഡി) റേഷൻ വ്യാപാരികൾക്ക് എത്ര മാസത്തെ കമ്മീഷൻ കുടിശ്ശികയുണ്ട്, ഇപ്രകാരമുള്ള ആകെ കുടിശ്ശിക എത്ര തുക വരുമെന്ന് വ്യക്തമാക്കാമോ?

(ഡി) 2017 ഡിസംബർ മാസം വരെയുള്ള കമ്മീഷൻ കൊടുത്തു തീർത്തിട്ടുണ്ട്.

*സെക്ഷൻ ഓഫീസർ*